**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **09-06-2021 - ൽ മറുപടിയ്ക്ക്**

**മൽസ്യത്തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും , പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | തീരദേശമേഖലയിലെ മത്സ്യത്തൊഴി ലാളികളുടെ ക്ഷേമത്തിനായി തീരദേശ വേലിയേറ്റരേഖയ്ക്ക് 50 മീറ്ററിനുള്ളിലുള്ളവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, വിദ്യാതീരം പദ്ധതി, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികളെ ദത്തെടുക്കൽ പദ്ധതി, പ്രതിഭാ തീരം പദ്ധതി, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ യാണ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ. തിരൂർ നിയോജക മണ്ഡലത്തിലെ തീരദേശ മേഖലയിൽ നടപ്പിലാക്കി വരുന്ന മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിത്തിൽ കടൽക്ഷോഭം കാരണം നാശനഷ്ടം ഉണ്ടായ മത്സ്യത്തൊഴിലാളിക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (ബി) | കടൽക്ഷോഭം കാരണം യാനങ്ങൾക്കും എഞ്ചിനുകൾക്കുമുണ്ടാ കുന്ന നഷ്ടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ ഓഖി മാതൃകയിലുള്ള ഇവാലേഷൻ കമ്മിറ്റി പരിശോധിച്ച് നാശനഷ്ടം കണക്കാക്കി ശുപാർശ ചെയ്യുന്നതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധി/മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിക്കുകയും ആയത് നാശനഷ്ടം നേരിട്ട ആളുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യുന്നത്. കടൽക്ഷോഭം മൂലം 2018-19 വർഷത്തിൽ യാനങ്ങളും എഞ്ചിനുകളും നഷ്ടമായ തിരൂർനിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന 3 പേർക്ക് കഴിഞ്ഞ വർഷം നഷ്ടപരിഹാരമായി 2,45,902 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രത്യേക കേസായി അനുവദിച്ചു നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു. പ്രീമിയം തുകയുടെ 90% |

| | | | |
|---|---|---|---|
| | | | വും സർക്കാർ സബ്സിഡിയാണ്. 2019-20 വർഷം മുതൽ ഇൻഷ്വറൻസ് എഞ്ചിനും കൂടി കവറേജ് ലഭിക്കുന്ന രീതിയിലാണ് നടപ്പാക്കുന്നത്. ആയതിനാൽ ഇൻഷ്വർ ചെയ്യാത്ത യാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ